LIBRARY ARCHIVES Kerala Legislative Assembly

(കണ്ണൂർ), ധർമ്മടം (കണ്ണൂർ), കോടോം-ബേലൂർ (കാസർഗോഡ്), കൊട്ടാരക്കര (കൊല്ലം), ചാത്തമംഗലം (കോഴിക്കോട്), ചടയമംഗലം (കൊല്ലം) എന്നീ 9 ഐ.ടി.ഐ.-കളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഇതുസംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് ആവശ്യമായ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**കഴിഞ്ഞ സർക്കാർ ആരംഭിച്ച ഐ.ടി.ഐ.കൾ**

288 (1061) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലം നൽകാമെന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉറപ്പിൽ കഴിഞ്ഞ സർക്കാർ എത്ര ഐ.ടി.ഐ.-കൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം ഇടങ്ങളിൽ സ്ഥലം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ലഭിക്കാത്തയിടങ്ങളിൽ വാടകക്കെട്ടിടങ്ങളിലാണോ അവ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ വാടക നൽകുന്നത് ആരാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ & ബി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന ഉറപ്പിൽ പള്ളിപ്പാട് (ആലപ്പുഴ), ചങ്ങനാശ്ശേരി (കോട്ടയം), കഞ്ഞിക്കുഴി (ഇടുക്കി), താഴേക്കോട് (മലപ്പുറം), വെസ്റ്റ് എളേരി (കാസർഗോഡ്), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്), എലുമ്പുലാശ്ശേരി (പാലക്കാട്), നരിപ്പറ്റ (കോഴിക്കോട്), കൊടുവള്ളി (കോഴിക്കോട്) എന്നീ 10 ഐ.ടി.ഐ.-കളാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചത്. ഇതിൽ പള്ളിപ്പാട് (ആലപ്പുഴ), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്) എന്നീ ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) സ്ഥലം ലഭ്യമാകാത്ത ഇടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം വാടക നൽകി ലഭ്യമാക്കിയ സംവിധാനത്തിലോ ആണ് ഐ.ടി.ഐ.-കൾ പ്രവർത്തിച്ചു വരുന്നത്.

(ഇ) ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർക്കുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുമായി നേരിൽ ബന്ധപ്പെട്ട് സ്ഥലം ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു. വിഷയത്തിന്റെ ഗൗരവം ബഹുമാനപ്പെട്ട ജനപ്രതിനിധികളുടെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി നാളിതുവരെയും സ്ഥലം ലഭ്യമാകാത്ത ഐ.ടി.ഐ. പ്രിൻസിപ്പാൾമാരുടെ യോഗം 6-1-2018-ൽ ട്രെയിനിംഗ് ഡയറക്ടർ വിളിച്ചുചേർക്കുകയും ബന്ധപ്പെട്ട ഓഫീസുകളിൽ നേരിൽ പോയി നടപടി ത്വരിതപ്പെടുത്തി സ്ഥലം അടിയന്തരമായി ലഭ്യമാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റവന്യൂ വകുപ്പ് എന്നിവരുമായി നിരന്തരം ബന്ധപ്പെട്ട് സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചു വരുന്നു.

**ദേവികുളം ഐ.ടി.ഐ.-യുടെ പ്രവർത്തനം**

289(1062) <u>ശ്രീ. എസ്. രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച സർക്കാർ ഐ.ടി.ഐ.-യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രവർത്തനം ആരംഭിച്ചിട്ടില്ലെങ്കിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഐ.ടി.ഐ.-യുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?